**MATHRUBHUMI - 23-10-2024**

# മികവിന്റെ കേന്ദ്രമായി സിഫ്റ്റ്

തോപ്പുംപടി ▸ കൊച്ചിയിലെ കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ സിഫ്റ്റിനെ ഭക്ഷ്യ ആധികാരികതയിൽ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചു. കൊച്ചിയിൽ നടന്ന ഏകദിന ദേശീയ ശില്പശാലയിലായിരുന്നു പ്രഖ്യാപനം. ഇതു സംബന്ധിച്ച ധാരണാപത്രം ഐ.സി.എ.ആർ.–സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി. അനിൽ കുമാറും കൈമാറി. ഭക്ഷ്യ ഉത്പന്നങ്ങളുടെ സമഗ്രത ഉറപ്പാക്കാനും പുതിയ സാങ്കേതികവിദ്യകരം വികസിപ്പിക്കുവാനും ഈ പദവി സിഫ്റ്റിന് സഹായകമാകുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എൽ.എൻ. മൂർത്തി, വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഫുഡ് ആൻഡ് എൻവയോൺമെന്റ് മാർക്കറ്റ് അസോസിയേറ്റ് ഡയറക്ടർ ശ്രീനിവാസ് ബി. ജോഷി, സിഫ്റ്റിലെ സീനിയർ സയന്റിസ്റ്റ് ഡോ. നിലാദ്രി ശേഖർ ചാറ്റർജി എന്നിവർ ക്ലാസെടുത്തു.



▶ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി. അനിൽകുമാറും ധാരണാപത്രം കൈമാറുന്നു

സിഫ്റ്റിലെ ക്വാളിറ്റി അഷ്വറൻസ് ആൻഡ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. എ.എ. സൈനുദ്ദീൻ, വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി. അനിൽ കുമാർ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഫെമീന ഹസ്സൻ തുടങ്ങിയവർ സംസാരിച്ചു.